# കേരള സർവകലാശാല

നം.പി.ആർ.235/2019 ഫോൺ: 2305738

## പത്രക്കുറിപ്പ്

### സമ്പർക്ക ക്ലാസ്

എസ്.ഡി.ഇ പാളയം കേന്ദ്രത്തിൽ നടത്തിവന്ന ബി.എസ്.സി കമ്പ്യൂട്ടർ സയൻസ് സമ്പർക്ക ക്ലാസുകൾ നവംബർ 10 മുതൽ കാര്യവട്ടം കേന്ദ്രത്തിലേക്ക് മാറ്റിയിരിക്കുന്നു.

### പ്രാക്ടിക്കൽ

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി സൈക്കോളജി പരീക്ഷയുടെ പ്രാക്ടിക്കൽ നവംബർ 20, 22 തീയതികളിൽ അതതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ഹോം സയൻസ് പരീക്ഷകളുടെ പ്രാക്ടിക്കൽ നവംബർ 12, 13, 18 തീയതികളിലും ഇന്റേൺഷിപ്പ് വൈവ പരീക്ഷകൾ 14, 15 തീയതികളിലും അതതു കോളേജുകളിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

2019 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി (റെഗുലർ) പ്രാക്ടിക്കൽ പരീക്ഷ നവംബർ 12 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### ഓൺലൈൻ രജിസ്ട്രേഷൻ

മൂന്നാം സെമസ്റ്റർ (റെഗുലർ/സപ്ലിമെന്ററി) എം.എ/എം.എസ്.സി/എം.കോം/എം.എസ്.ഡബ്ല്യൂ/എം.എ.എച്ച്.ആർ.എം/എം.പി.എ/എം.എം.സി.ജെ പരീക്ഷകളുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. കോളേജുകൾ സർവകലാശാലയ്ക്ക് സി.എ മാർക്ക് ഓൺലൈനായും വിദ്യാർത്ഥികളുടെ ഒപ്പ് രേഖപ്പെടുത്തിയ ഹാർഡ് കോപ്പിയായും ലഭ്യമാക്കേണ്ട അവസാന തീയതി നവംബർ 30 ൽ നിന്ന് ഡിസംബർ 16 വരെ നീട്ടിയിരിക്കുന്നു.

### സർട്ടിഫിക്കറ്റുകൾ ഓൺലൈനായി

സർവകലാശാലയുടെ കീഴിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെ വിദ്യാർത്ഥികൾക്ക് (2018 അഡ്മിഷൻ മുതൽ) മാർക്ക് ലിസ്റ്റ് (സെമസ്റ്റർ), കൺസോളിഡേറ്റഡ് മാർക്ക് ലിസ്റ്റ്, പ്രൊവിഷണൽ സർട്ടിഫിക്കറ്റ്, മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ, കൺഡൊനേഷൻ (റെഗുലർ വിദ്യാർത്ഥികൾക്ക്), മെട്രിക്കുലേഷൻ, മൈഗ്രേഷൻ, റെക്കഗ്നിഷൻ സർട്ടിഫിക്കറ്റുകൾ, കോളേജ് ട്രാൻസ്ഫർ

സർട്ടിഫിക്കറ്റ് (ഓൺലൈൻ ആപ്ലിക്കേഷനുകൾ മാത്രം) എന്നീ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകുന്നതാണ്.

## പരീക്ഷാഫീസ്

വിദൂര വിദ്യാഭ്യാസ കേന്ദ്രം നടത്തുന്ന ഒന്നും രണ്ടും സെമസ്റ്റർ (2017 & 2018 അഡ്മിഷൻ) ബി.എ/ബി.എസ്.സി (മാത്തമാറ്റിക്സ്)/ബി.എസ്.സി (കമ്പ്യൂട്ടർ സയൻസ്)/ബി.കോം/ബി.സി.എ പരീക്ഷകൾക്ക് ഓൺലൈനായി നവംബർ 11 മുതൽ അപേക്ഷിക്കാം. പിഴ കൂടാതെ നവംബർ 15 വരെയും 150 രൂപ പിഴയോടെ നവംബർ 18 വരെയും 400 രൂപ പിഴയോടെ നവംബർ 21 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 ഡിസംബറിൽ ആരംഭിക്കുന്ന നാല്, അഞ്ച് സെമസ്റ്റർ ബി.ആർക്ക് (2013 സ്കീം) സപ്ലിമെന്ററി പരീക്ഷകളുടെ രജിസ്ട്രേഷൻ നവംബർ 11 ന് ആരംഭിക്കുന്നതാണ്. പിഴ കൂടാതെ നവംബർ 18 വരെയും 150 രൂപ പിഴയോടെ നവംബർ 21 വരെയും 400 രൂപ പിഴയോടെ നവംബർ 23 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

2019 ജൂലൈയിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2014 & 2018 സ്കീം – ഫുൾടൈം/റെഗുലർ & ഈവനിംഗ്/യു.ഐ.എം/ട്രാവൽ ആന്റ് ടൂറിസം) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. 2019 ജൂണിൽ നടത്തിയ മൂന്നാം വർഷ ബി.ഫാം (സപ്ലിമെന്ററി) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 18 വരെ അപേക്ഷിക്കാം. 2019 ജൂലൈയിൽ നടത്തിയ ഒന്നാം സെമസ്റ്റർ യൂണിറ്ററി (ത്രിവത്സരം) എൽ.എൽ.ബി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 18 ന് മുൻപായി അപേക്ഷിക്കണം.

വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
08.11.2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098